കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1769/2017

തീയതി: 19.08.2017.

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

_പകർപ്പ്_

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

4) സ്റ്റെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1769/2017 തീയതി: 19.08.2017

## തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചയത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016 മുതൽ 22-06-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയപണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച

ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-06-2017മുതൽ 01-07-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീമതി.സിന്ധു.പി.എസ്., ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീമതി.ജയലക്ഷ്മി.ബി.കെ., സീ.ഗ്രേഡ് ഓഡിറ്റർ |
| | 3. ശ്രീമതി.സീന.കെ, സീ.ഗ്രേഡ് ഓഡിറ്റർ |
| | 4. ശ്രീ.ശിവനാഥൻ.എ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജി.മണികണ്ഠൻ, വലിയ കുന്നടി തോട്ടുംപുറത്ത് വീട്, പാങ്കാവ് | 01-04-2016മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീ. ബി. സുരേഷ്, നിർമാല്യം, ശാന്തംമൂല, മലയിൻകീഴ് പി.ഒ. | 01-04-2016മുതൽ 31-03-2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ആശ.എസ്.കുമാർ | 01-04-2016മുതൽ 07-03-2017വരെ |
| | ശ്രീ.സേവ്യർ | 07-03-2017മുതൽ 31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.തിങ്കൾ ജ്യോതി | 01-04-2016മുതൽ 31-03-2017വരെ |

| | | |
|---|---|---|
| (കുറ്റിച്ചൽ സർക്കിൾ) | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കോട്ടൂർ സർക്കിൾ) | ശ്രീ.സുമേഷ് | 01-04-2016മുതൽ 31-03-2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജ്യോതിഷ്മതി | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോക്ടർ ജോയി ജോൺ | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോക്ടർ അനിൽ കുമാർ | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോക്ടർ മഞ്ജു | 01-04-2016മുതൽ 31-03-2017വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ. പി.എസ്. പരുത്തിപ്പള്ളി | ശ്രീമതി.ബ്രിജറ്റ് ചാക്കോ | 01-04-2016മുതൽ 31-03-2017വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്. കോട്ടൂർ | ശ്രീമതി.സുലഭ | 01-04-2016മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ബിനോദ്.ജെ | 01-04-2016മുതൽ 30-06-2017വരെ |
| | ശ്രീ.സതീഷ് കുമാർ | 01-07-2016മുതൽ 31-03-2017വരെ |
| വെറ്റിനറി സർജൻ | ഡോക്ടർ സരിത ലോറൻസ് | 01-07-2016മുതൽ 31-03-2017വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽസ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-1 | |
| 13 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 2-2 | |
| 14 | പഞ്ചായത്ത് മേഖലയിലെ പരസ്യങ്ങൾക്ക് പരസ്യനികുതി ഈടാക്കുന്നില്ല | 2-3 | |
| 15 | ട്യൂട്ടോറിയൽ കോളേജുകളിൽ നിന്ന് ഓരോ സാമ്പത്തിക വർഷവും രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-4 | |
| 16 | വസ്തുനികുതി കുടിശ്ശിക 845438 /- രൂപ | 2-5 | |
| | ഭാഗം 3 | | |
| 17 | പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 123<br>പദ്ധതികളിൽ 62<br>തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016 മുതൽ 22-06-2017 തീയതി | 3-1 | |

| | | | |
|---|---|---|---|
| | വരെ വിവിധ ഇനങ്ങളിലായി നടത്തിയപണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.<br><br>ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.<br><br>സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.<br><br>പദ്ധതികൾ നടപ്പിലാക്കിയില്ല | | |
| 18 | പദ്ധതിപ്പണം ചെലവഴിച്ചതിന് രേഖകളില്ല - ചെലവ്തുക 1185000/- തടസ്സപ്പെടുത്തുന്നു | 3-2 | |
| 19 | മാർഗ്ഗരേഖാ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി | 3-3 | |
| 20 | ഓർഡർ നൽകിയ മുഴുവൻ തുകക്കും മരുന്ന് ലഭ്യമായിട്ടില്ല | 3-4 | |

| | | | |
|---|---|---|---|
| 21 | അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-5 | |
| 22 | വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ് | 3-6 | |
| 23 | നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം | 3-7 | |
| 24 | പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല | 3-8 | |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-9 | |
| 26 | സംയുക്ത പരിശോധന നടത്തി-തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം | 3-10 | |
| 27 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-11 | |
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 03-03-2016തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 151617273/-രൂപയും പ്രതീക്ഷിത ചെലവ് 147314000/- രൂപയുംനീക്കിയിരിപ്പ് 4303273/- രൂപയുമായിരുന്നു.എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 43088254/-രൂപയും ചെലവ് 42011134/-രൂപയും നീക്കിയിരിപ്പ് 5625518/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 29/07/2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 23.06.2017 മുതൽ 01.07.2017 വരെ |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് - എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1- 4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4548398 |
| വരവ് | 43088254 |
| ആകെ | 47636652 |
| ചെലവ് | 42011134 |
| നീക്കിയിരിപ്പ് | 5625518 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | _ | 8493970 | 8493970 | 8493970 | _ | |
| വികസന ഫണ്ട് (എസ്.സി.പി) | _ | 2123895 | 2123895 | 2123895 | _ | |
| വികസന ഫണ്ട് (ടി.എസ്.പി) | _ | 3069091 | 3069091 | 3069091 | _ | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | _ | 7671163 | 7671163 | 7671163 | _ | |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | _ | 2364449 | 2364449 | 2364449 | _ | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | _ | 3882287 | 3882287 | 3882287 | _ | |
| പെർഫോമൻസ്ഗ്രാന്റ് | _ | 102000 | 102000 | 102000 | _ | |
| എം.എൻ.ആർ.ഇ.ജി.എസ്. | 11181 | 732730 | 743911 | 684556 | 58605 | |
| ബി ഫണ്ട് | _ | 626280 | 626280 | 626280 | | |
| സാക്ഷരത | 75738 | 176518 | 252256 | 249176 | 3080 | |
| പശ്ചിമഘട്ട വികസന പദ്ധതി | 848258 | - | 848258 | 848258 | - | |
| തനത് ഫണ്ട് | 1278397 | 16209677 | 17488074 | 17323419 | 164655 | |
| ജനറൽ പർപ്പസ് ഫണ്ട് | 2124219 | 6130164 | 8254383 | 6090272 | 2164111 | |

1. വാർഷിക റീകൺസിലിയേഷൻ -ബാങ്ക്, ട്രഷറി - ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ, ടോട്ടൽ സാനിട്ടേഷൻ, തണൽ എന്നിവക്ക് പ്രത്യേകം അക്കൌണ്ടുകൾ പരിപാലിക്കാതെ തനതുഫണ്ടിലാണ് സൂക്ഷിച്ചുവരുന്നത്.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 51768898 | 118 | 29063208 | ലഭ്യമല്ല | 82 | - |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 28260 | 163740 | 135480 | |
| കെട്ടിട നികുതി | 822070 | 2039320 | 1217250 | |
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | - | - | - | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 135380 | 38300 | 97080 | |

| | | | | |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 1196 | 46424 | 45228 | |
| ഡി & ഒ ലൈസൻസ് | 14730 | 47650 | 32920 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 446280 | 338 |
| കർഷകതൊഴിലാളി പെൻഷൻ | 1925060 | 217 |
| വിധവാപെൻഷൻ | 16441415 | 924 |
| വാർദ്ധക്യകാലപെൻഷൻ | 9156940 | 1718 |
| വികലാംഗപെൻഷൻ | 2906790 | 289 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 234330 | 26 |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-2017 രാവിലെ 11.30AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപ 1507/-രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപന നികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതിയീടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. മൊബൈൽ ടവ്വറുകളുടെ കാര്യത്തിൽ ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിച്ച് നികുതി നഷ്ടം പരിഹരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളിൽ നിന്ന് പരസ്യനികുതി ഈടാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴവൻ പദ്ധതികളും നടപ്പിലാക്കേണ്ടതും വികസനമേഖലയിലെ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. അംഗനവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തന ങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.04.2017 | 1/2017 മുതൽ 3/2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.05.2015 | 2009-10 മുതൽ 2013-14 വരെ | 23.05.2015 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 (എ) അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന ബിസിനസ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഡി.ആന്റ്.ഒ.ലൈസൻസുമായി ബന്ധപ്പെട്ട ഫീസിനങ്ങൾ ഈടാക്കിയിട്ടുണ്ടെങ്കിലും അവയുടെ ആകെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, ഉടമയുടെ വിലാസം | കെട്ടിട നം. |
|---|---|---|
| 1 | ലക്ഷ്മിപുരം അഗ്രോ ഫാം,<br>പ്രശാന്ത്.എസ്.ആർ,<br>പ്രശാന്ത് ഭവൻ, ലക്ഷ്മിപുരം എസ്റ്റേറ്റ്, കോട്ടൂർ | വാർഡ് നം. 5,<br>കെട്ടിട നം. 827, 843 |
| 2 | എം.എസ്.എ. പൌൾട്രി ഫാം,<br>എം.ഷംസുദീൻ, എം.എസ്. ബിൽഡിംഗ്, കോട്ടൂർ | വാർഡ് നം. 8,<br>കെട്ടിട നം. 938 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനനികുതി ഡിമാന്റ് ചെയ്തീടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

(ബി) കച്ചവട സ്ഥാപനങ്ങൾ ലൈസൻസിന് വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നില്ല

ജി.ഒ (ആർ.ടി.) 795/2007/ത.സ്വ.ഭ.വ, തിയതി. 16-03-2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഉത്തരവനുസരിച്ച് 30മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചു കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുവെന്നുള്ള സാക്ഷ്യപത്രം അപേക്ഷകൻ അപേക്ഷയോടൊപ്പം നൽകണമെന്നിരിക്കെ ആയത് ഹാജരാക്കാത്ത കച്ചവട സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ലൈസൻസ് അപേക്ഷകളിൽ തീരുമാനമെടുക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി

പാലിക്കേണ്ടതും അപേക്ഷയോടൊപ്പം മതിയായ രേഖകൾ ചേർത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല. ജി.ഒ(എം.എസ്) നം.113/2009/ത.സ്വ.ഭ.വ, തിയതി. 02-01-2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽ ടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് അവയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ഈടാക്കേണ്ടതാണ്. ജി.ഒ(ആർ.ടി)19/ 2011/ത.സ്വ.ഭ.വ, 01-04-2013നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കേണ്ട കുറഞ്ഞ വസ്തുനികുതി ചതുരശ്രമീറ്ററിന് 400/-രൂപയാണ്. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു. ഇതിൽ ചുവടെ പറയുന്ന 2സ്ഥാപനങ്ങൾ അവ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകൾക്ക് കൃത്യമായി വസ്തുനികുതി ഒടുക്ക് വരുത്തുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, നമ്പർ | നിലവിൽ വന്നത് | കുടിശ്ശിക വിവരം |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ, വാർഡ് നം.3, കെട്ടിട നം. 320 | - | 2010-11 മുതലുള്ള വസ്തുനികുതി ഒടുക്കുവാനുണ്ട് |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, വാർഡ് നം. 2, കെട്ടിട നം. 483 | - | 2013-14മുതലുള്ള വസ്തുനികുതി ഒടുക്കുവാനുണ്ട് |

വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുത്തിയ മൊബൈൽ ടവറുകളുടെ നിർമ്മാതാക്കളിൽ നിന്ന് കുടിശ്ശിക ഉൾപ്പെടെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് മേഖലയിലെ പരസ്യങ്ങൾക്ക് പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 209പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് അവ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ തനതുവരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്തിൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 23-06-2017ലെ 01-17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പരസ്യനികുതിയുമായി ബന്ധപ്പെട്ട ബൈലാ പാസ്സാക്കി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനായി സമർപ്പിച്ചിട്ടുള്ളതായും ആയതിന് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പരസ്യനികുതി ഈടാക്കുവാൻ തുടർനടപടി സ്വീകരിക്കുന്നതാണെന്നും അധികൃതർ മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനത്തിന് നഷ്ടമുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട വിഷയത്തിൽ അധികൃതർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പരസ്യനികുതി ഒടുക്കാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എതാനും പരസ്യ ബോർഡുകളേയും അവ നിർമ്മിച്ചിട്ടുള്ള സ്ഥലങ്ങളേയും സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം | സ്ഥപനത്തിന്റെ പേര് | സ്ഥാപിച്ചിട്ടുള്ള സ്ഥലം |
|---|---|---|
| 1 | ഭീമാ ജ്വവലറി | കുറ്റിച്ചൽ |
| 2 | നവീൻ ടൈൽസ് | കുറ്റിച്ചൽ |
| 3 | ബിനോയ് മാർബിൾസ് | കുറ്റിച്ചൽ |

| | | |
|---|---|---|
| 4 | രാജകുമാരി ജ്വലറി | കുറ്റിച്ചൽ |
| 5 | പെരേപ്പാടൻസ് ഗോൾഡ് പാർക്ക് | പേഴുംമൂട് |
| 6 | അറഭാ ഗോൾഡ് | പേഴുംമൂട് |
| 7 | പെരേപ്പാഡൻസ് ഗോൾഡ് പാർക്ക് | കള്ളിക്കാട് റോഡ് |
| 8 | പെരേപ്പാടൻസ് ഗോൾഡ് പാർക്ക് | പരുത്തുപ്പള്ളി |
| 9 | മുകേഷ് ജ്വലറി | കള്ളിക്കാട് റോഡ് |
| 10 | ലിൻസി വെഡ്ഡിംഗ് സാരീസ് | കള്ളിക്കാട് റോഡ് |
| 11 | അറഭാ ഗോൾഡ് | കള്ളിക്കാട് റോഡ് |
| 12 | രാജകുമാരി ജ്വലറി | പരുത്തിപ്പള്ളി |
| 13 | അറഭാ ഗോൾഡ് | കോട്ടൂർ റോഡ് |
| 14 | പെരേപ്പാഡൻസ് ഗോൾഡ് പാർക്ക് | കോട്ടൂർ റോഡ് |
| 15 | മുകേഷ് ജ്വലറി | കോട്ടൂർ റോഡ് |
| 16 | രാജകുമാരി ജ്വലറി | കോട്ടൂർ റോഡ് |
| 17 | ജോസ് ആലുക്കാസ് | കോട്ടൂർ റോഡ് |
| 18 | പെരേപ്പാഡൻസ് ഗോൾഡ് പാർക്ക് | ആര്യനാട് റോഡ് |
| 19 | അറഭാ ഗോൾഡ് | ആര്യനാട് റോഡ് |

| | | |
|---|---|---|
| 20 | രാജകുമാരി ജ്യൂവലറി | ആര്യനാട് റോഡ് |
| 21 | ലിൻസി വെഡ്ഡിംഗ് സാരീസ് | ആര്യനാട് റോഡ് |
| 22 | കൈരളി റ്റി.എം.റ്റി | ആര്യനാട് റോഡ് |
| 23 | ബിനോയ് മാർബിൾസ് | ആര്യനാട് റോഡ് |
| 24 | റോജാ സിൽക്ക്സ് | ആര്യനാട് റോഡ |

മേൽ പറഞ്ഞിട്ടുള്ളവ കൂടാതെ ഇത്തരത്തിൽ പരസ്യനികുതി ഒടുക്കാതെ ഗ്രാമപഞ്ചായത്ത് മേഖലയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ പരസ്യങ്ങളേയും അവ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളേയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അവയിൽനിന്ന് പരസ്യനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. അല്ലാത്തപക്ഷം ചട്ടവിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുവാൻ ഭരണതലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ട്യൂട്ടോറിയൽ കോളേജുകളിൽ നിന്ന് ഓരോ സാമ്പത്തിക വർഷവും രജിസ്ട്രേഷൻ/ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1999-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം പഞ്ചായത്ത് മേഖലയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും തുടർന്ന് ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പ് പുതുക്കൽ ഫീസ് ഒടുക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഇപ്രകാരം പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ മേഖലയിൽ പ്രവർത്തിക്കുന്ന പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ പുതുക്കാതെയോ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | സ്ഥാപനം | രജിസ്ട്രേഷൻ സംന്ധിച്ച വിവരം | റിമാർക്സ് |
|---|---|---|---|
| 1 | സാരഥി കോളേജ് ആന്റ് കമ്പ്യൂട്ടേഴ്സ്, കുറ്റിച്ചൽ | - | ഓഡിറ്റ് അന്വേഷണത്തിലൂടെ ഓഡിറ്റ് വേളയിൽ 1388രൂപ കുടിശ്ശിക ഈടാക്കി അറിയിച്ചു. |
| 2 | വിശ്വഭാരതി കോളേജ് ആന്റ് കമ്പ്യൂട്ടേഴ്സ്, കുറ്റിച്ചൽ | - | വിവരം ലഭ്യമല്ല |
| 3 | നിള P.S.C കോച്ചിംഗ് സെന്റർ, കുറ്റിച്ചൽ | - | വിവരം ലഭ്യമല്ല |

എന്നാൽ 27-06-2017ലെ ട്യൂട്ടോറിയൽ കോളേജുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച 07/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

പഞ്ചായത്ത് പരിധിയിൽ ആകെ ഒരു ട്യൂട്ടോറിയൽ കോളേജ് മാത്രമാണ് പ്രവർത്തിക്കുന്നതെന്ന മറുപടിയാണ് അധികൃതർ ലഭ്യമാക്കിയത്. ഓഡിറ്റ് വീക്ഷണത്തിൽ മേൽ പറഞ്ഞിട്ടുള്ള 3 സ്ഥാപനങ്ങൾ പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് പരിധിയിലെ നികുതി ഒടുക്കുവാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോ അറിവോ ഇല്ലായെന്നാണ് മേൽ ഓഡിറ്റ് എൻക്വയറിക്കുള്ള അധികൃതരുടെ മറുപടി വ്യക്തമാക്കുന്നത്. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, P.S.C കോച്ചിംഗ് സെന്ററുകൾ, കമ്പ്യൂട്ടർ സെന്ററുകൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കി അവയ്ക്ക് മേൽപ്പറഞ്ഞ ചട്ടപ്രകാരം രജിസ്ട്രേഷൻ നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 <u>വസ്തുനികുതി കുടിശ്ശിക **845438/-** രൂപ</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയനുസരിച്ച് 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ ആകെ 854438/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്.

<u>*വസ്തുനികുതി - കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.*</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം കുടിശ്ശിക തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് പ്രസ്തുത തുക നഷ്ടപ്പെടുന്നതാണ്. ആയതിനാൽ വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം-3

# <u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച **123**പദ്ധതികളിൽ **62** പദ്ധതികൾ നടപ്പിലാക്കിയില്ല</u>

2016-17സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്പിൽ-ഓവർ ഉൾപ്പെടെ 123 പ്രവൃത്തികൾക്കാണ് ഭരണസമിതി തീരുമാനപ്രകാരം ജില്ലാ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചത്. എന്നാൽ ഇതിൽ ആകെ 61പദ്ധതികൾ മാത്രമാണ് പ്രസ്തുത സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. പശ്ചാത്തല മേഖലകളുമായി/ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 24-06-2017ലെ 02/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ട കൺവീനർ വർക്കുകൾക്ക് മതിയായ ടാറുകൾ ലഭിക്കാത്തതിനാലാണ് പല പ്രവൃത്തികളും നടപ്പിലാക്കാൻ പറ്റാത്തതെന്നാണ് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ പഞ്ചായത്തിന്റെ വികസനത്തിന് ഭംഗം വരാത്തവിധത്തിലുള്ള ഒരു വികസനനയം രൂപീകരിക്കുവാനും മെച്ചപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 <u>പദ്ധതിപ്പണം ചെലവഴിച്ചതിന് രേഖകളില്ല – ചെലവ്തുക **1185000/-** തടസ്സപ്പെടുത്തുന്നു</u>

2016-17സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചാ യത്ത് 8പദ്ധതികളിലൂടെ ആകെ 3972400/-രൂപ ചെലവഴിച്ചു. ഇതിൽ എൽ.വി.ഇ.ഒ. നിർവ്വഹിച്ച കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട 2787400/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 7പദ്ധതികൾ നടപ്പിലാക്കിയത് ശ്രീ.സുമേഷ് എന്ന വി.ഇ.ഒ.ആണ്. ടിയാൻ ഓഡിറ്റ് വേളയിൽ ഹാജരാവുകയോ ചെലവ് രേഖകൾ ഹാജരാക്കാത്തതിന് മതിയായ വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ ചെലവ് രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കണമെന്ന 27-06-2017ലെ 9/17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികൃതർ മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വി.ഇ.ഒ.സുമേഷ് നിർവ്വഹിച്ച പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് വിവരം ലഭ്യമാക്കാത്ത പദ്ധതികളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് |
|---|---|---|---|
| 1 | SO3/16-17,നെഹ്റു ഭവന പദ്ധതി (പട്ടികജാതി) | 150000 | 150000 |
| 2 | SO4/16-17,നെഹ്റു ഭവന പദ്ധതി (പട്ടികവർഗ്ഗം) | 1,50,000/- | 150000/- |

| | | | |
|---|---|---|---|
| 3 | S05/16-17പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷ (പട്ടികജാതി) | 1,00,000/- | 100000/- |
| 4 | 27/16-17പട്ടികജാതി ക്കാർക്ക് ഓട്ടോറിക്ഷ വാങ്ങുവാൻ സബ്സിഡി (പട്ടികജാതി) | 5,50,000/- | 350000/- |
| 5 | 28/16-17പട്ടികവർഗ്ഗക്കാർക്ക് ഓട്ടോറിക്ഷ വാങ്ങുവാൻ സബ്സിഡി (പട്ടികവർഗ്ഗം) | 3,00,000/- | 300000/- |
| 6 | 57/16-17ഭവന പുനരുദ്ധാരണം. (പട്ടികജാതി) | 7,00,000/- | 100000/- |
| 7 | 165/16-17ബാലസഭ | 35,000/- | 35000/- |
| | ആകെ | | 1185000/- |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഭരണതലത്തിൽ മേൽ ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം വിവരം സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരുന്നതായിരിക്കും. തുടർനടപടി വിവരം രണ്ട് മാസത്തിനുള്ളിൽ ഈ ഓഫീസിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-3 മാർഗ്ഗരേഖാ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി

പ്രോജക്ട് - 60/17 (കാലിത്തൊഴുത്ത് നിർമ്മാണം)

അടങ്കൽ - 420000/- (വികസന ഫണ്ട് (ജനറൽ))

ചെലവ് - 420000/-

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

11.01.2016-ലെ പുതുക്കിയ സബ്സിഡി മാർഗ്ഗരേഖയിൽ (സ.ഉ(എം.എസ്) നം.4/2016/ത.സ്വ.ഭ.വ) കാലിത്തൊഴുത്ത് നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരാമാവധി പ്രയോജനപ്പെടുത്തി പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ 2016-17-ൽ കുറ്റിച്ചൽ ഗ്രാമപഞ്ചായ ത്തിൽ കാലിത്തഴുത്ത് നിർമ്മാണത്തിനായി 42 ഗുണഭോക്താക്കൾക്ക് 10,000/- രൂപ വീതം ധനസഹായം നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/30.06.2017) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖാ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ഓർഡർ നൽകിയ മുഴുവൻ തുകക്കും മരുന്ന് ലഭ്യമായിട്ടില്ല

അലോപ്പതി, ആയുർവ്വേദം, ഹോമിയോ മെഡിക്കൽ ഓഫീസർമാർ നിർവ്വഹിച്ച പദ്ധതികളുമായി ബന്ധപ്പെട്ട് ആവശ്യമായ മരുന്ന് ലഭ്യമാക്കുവാൻ ഇൻവോയിസ് പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക് തുക നൽകിയെങ്കിലും നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. വിശദവിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | നിർവ്വഹണോ ദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | ബിൽ നം, തിയതി | നൽകിയ തുക, കൈപ്പറ്റിയ സ്ഥാപനം | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|
| 1 | മെഡി.ഓഫീസർ, അലോപ്പതി<br>പ്രോ.നം. 24/17,<br>പാലിയേറ്റീവ് കെയർ | 1- 4/17, 30-03-17<br>2- 5/17, 30-03-17<br>3- 4/17, 30-03-17 | 150000, കേ.മെ.കോർ.<br>44840, കേ.മെ.കോർ<br>30000, ഔഷധി | 150000<br>44840<br>30000 |

| | | | | |
|---|---|---|---|---|
| 2 | മെഡി.ഓഫീസർ, അലോപ്പതി<br>പ്രോ.നം. 23/17,<br>പ്രാഥമികാരോഗ്യ കേന്ദ്ര ത്തിന് മരുന്ന് വാങ്ങൽ | 2/17,<br>17-03-2017 | 400000, കാരുണ്യ ഫാർമസി,നെടുമങ്ങാട് | 54625 |
| 3 | മെഡി.ഓഫീസർ, ഹോമിയോ<br>പ്രോ.നം. 26/16<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 01/16,<br>27-12-2017 | 150000ആലപ്പുഴ സഹകരണ ഹോമിയോ ഫാർമസി | 150000 |
| 4 | മെഡി. ഓഫീസർ, ആയുർവ്വേദം,<br>പ്രോ.നം. 220/17<br>വൃദ്ധജന പരിപാലനം-<br>മരുന്ന് വാങ്ങൽ | 2/16/17,<br>24-3-17 | ഔഷധി, പത്തനാപുരം | 284612 |

ഇൻവോയിസ് പ്രകാരം നൽകിയ തുകക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പ്രകാരം ഓർഡർ നൽകുന്ന മരുന്നുകൾ ലഭ്യമാകാൻ ഇത്തരത്തിൽ കാലതാമസമുണ്ടാകുന്നത് ആശുപത്രികളുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ മരുന്നുകളുടെ ലഭ്യതയനുസരിച്ച് മാത്രം ഓർഡർ നൽകുവാനും സമയബന്ധിതമായി അവ ലഭ്യമാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലെരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് നിത്യദർശിനി ന്യൂട്രിമിക്സ്, കുടുംബശ്രീ യൂണിറ്റ്, മേലെമുക്ക്, കുറ്റിച്ചൽ എന്ന സ്ഥാപനത്തിൽ നിന്ന് അംഗനവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിലെ 21അംഗനവാടികളിൽ 8 എണ്ണം വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | അംഗനവാടി നമ്പരും സ്ഥലവും | അംഗനവാടി നം. |
|---|---|---|
| 1 | കള്ളോട് | 111 |

| | | |
|---|---|---|
| 2 | കുന്നിൻപുറം | 112 |
| 3 | എലമലി | 118 |
| 4 | പരുത്തിപ്പള്ളി | 123 |
| 5 | കുഴിയംകോണം | 126 |
| 6 | വലിയവിള | 127 |
| 7 | തേമ്പാമൂട് | 128 |
| 8 | തച്ചൻകോഡ് | 129 |

## 3-7 നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം

പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവക്ക് ശാശ്വത പരിഹാരം കാണുവാൻ പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിച്ച് വരുന്നു. ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് 2016-17സാമ്പത്തികവർഷം പ്രോജക്ട് വെയ്ക്കാതെ വക്കീൽ സിറ്റിംഗ് ഫീസായി/ഓണറേറിയമായി 4500/-രൂപയും മറ്റ് പ്രവർത്തനങ്ങൾക്ക് 1104/-രൂപയുമായി ആകെ 5604/-രൂപ തനതുഫണ്ടിൽ നിന്ന് ചെലവ് ചെയ്തു. എന്നാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി യാതൊരറിയിപ്പും പഞ്ചായത്ത് പരിസരത്ത് പ്രദർശിപ്പിച്ചിട്ടില്ല. പ്രസ്തുത സമിതിയുടെ പ്രാധാന്യം, പ്രവർത്തനം, നൽകുന്ന സേവനം എന്നിവ പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ജനകീയമാക്കിയാൽ ഉൾനാടൻ പ്രദേശമായ ഗ്രാമപഞ്ചായത്ത് മേഖലയിൽ ഇനിയും മെച്ചപ്പെട്ട സേവനം നൽകുവാൻ സമിതിക്ക് കഴിയുന്നതാണ്. ആയതിനാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള പരസ്യബോർഡ് കാര്യാലയത്തിന് മുന്നിൽ സ്ഥാപിക്കുവാനും സമിതിയുടെ സേവനം ലഭ്യമാകുന്ന ദിവസം, സമയം എന്നീ വിവരങ്ങൾ പ്രസ്തുത അറിയിപ്പ് ബോർഡിൽ ഉൾപ്പെടുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

അംഗനവാടികളുടെ പേഷകാഹാര വിതരണത്തിന് ചെലവഴിക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50ശതമാനം തുക പ്രത്യേക അക്കൌണ്ടിലാണ് സൂക്ഷിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതുവരുമാനത്തോടൊപ്പമാണ് സൂക്ഷിച്ചു വരുന്നത്. ജി.ഒ(പി)177/2006/ധനം, 11-3 തിയതി.12-04-2006 പ്രകാരം കേന്ദ്രവിഹിതം പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ നിലവിൽ ജലം ലഭ്യമാകുന്നതും അല്ലാത്തതുമായ പൊതുടാപ്പുകളെ കണ്ടെത്തി പ്രവർത്തനക്ഷമമായ വാട്ടർടാപ്പുകൾക്ക് മാത്രം വെള്ളക്കരം നിശ്ചയിക്കുവാൻ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധ നടത്തിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിമാസം ടാപ്പൊന്നിന് 437.50രൂപ പ്രകാരം (ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ) 52 പൊതുടാപ്പുകൾക്ക് വെള്ളക്കരം അടച്ചുവരുന്നു. എന്നാൽ ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 24-06-2017ലെ 04/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ 55ടാപ്പുകൾ പ്രവർത്തിക്കുന്നതായും കുടിശ്ശികയില്ലാതെ വെള്ളക്കരം ഒടുക്കുന്നതായും മറുപടി ലാഭ്യമാക്കി.സംയുക്തപരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് വിഭാഗത്തിന്റെ സ്ഥലപരിശോധയുമായി ബന്ധപ്പെട്ട നിരീക്ഷണത്തിൽ കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലം, പ്രവർത്തനക്ഷമമായ ടാപ്പുകൾ എന്നിവ സംബന്ധിച്ച യാതൊരു വിവരവും കണ്ടെത്താനായിട്ടില്ല.പൊതുടാപ്പുകളെ സംബന്ധിച്ച് അധികൃതർക്ക് വ്യക്തമായ ധാരണയില്ലായെന്നാണ് മേൽ ലഭ്യമായ മറുപടി വ്യക്തമാക്കുന്നത്. ആയതിനാൽ സംയുക്ത പരിശോധന നടത്താത്ത പക്ഷം വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാപ്പുകളെ സംബന്ധിച്ച സംയുക്ത പരിശോധന നടത്തി പ്രവർത്തക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്. ജലം ലഭ്യമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതിലൂടെ പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താതെ ഭരണതലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 സംയുക്ത പരിശോധന നടത്തി-തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളെ സംബന്ധിച്ച വ്യക്തമായ വിവരം നൽകുന്ന രജിസ്റ്റർ/രേഖകൾ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വൈദ്യുതിബോർഡ് പ്രതിമാസം ലഭ്യമാക്കുന്ന വൈദ്യുതിബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് അടവാക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുവാൻ വൈദ്യുതിബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്ന 24-06-2017ലെ 05/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സംയുക്ത പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ വൈദ്യുതി ബോർഡുമായി ച്ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം വൈദ്യുതി ചാർജ് ഒടുക്കുവാനും പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 268750/-രൂപയുടെ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 90750/-രൂപയുടെ ചെലവ് മാത്രമാണ് തൻവർഷം ഉണ്ടായിട്ടുള്ളത്. പദ്ധതി രൂപീകരണതിതിനു മുമ്പ് തന്നെ പ്രവർത്തനക്ഷമമല്ലാത്ത വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയതിന്റെ മെയിന്റനൻസിനുള്ള തുക മാത്രം പദ്ധതിയിൽ വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പ് - 11181

പലിശ - 2238

വരവ് - 50954000 (ഇ.എഫ്.എം.എസ് + അലോട്ട്മെന്റ്)

ആകെ - 50967419

ചെലവ് - 50908814

നീക്കിയിരിപ്പ് - 59355 ( Inclg.Un Cashed Chq.750/-)

ആകെ തൊഴിൽ കാർഡുകൾ - 3998

ആകെ തൊഴിൽ ദിനം - 138869

ആകെ തൊഴിൽ ലഭിച്ചത് - 2135

100 ദിനം പൂർത്തിയാക്കിയത് - 419

നടപ്പിലാക്കിയ ആകെ പദ്ധതികൾ - 207

അവിദഗ്ധ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ തൊഴിൽ കാർഡ് നേടിയ 3998കുടുംബങ്ങളിൽ 419കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. 207പദ്ധതികളിലൂടെ 138869 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെങ്കിലും ആകെ 2135പേർക്ക് മാത്രമാണ് പദ്ധതി പ്രകാരം തൊഴിൽ നൽകിയിട്ടുള്ളത്. വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ.

ജി.ഒ (ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി.02-02-2012പ്രകാരം നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10% തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല.ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനം./ ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ. ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | - | 250000 | 238602 | യൂട്ടിലൈസേഷൻ ലഭിച്ചില്ല | - |
| പി.ഡബ്ല്യൂ. ഇലക്ട്രിക്കൽ ഡിവിഷൻ | വാലിപ്പാറ മാങ്കോട് ഏകാധ്യാപക വിദ്യാലയം, സാംസ്കാരിക നിലയം വയറിംഗ് | - | 156409 | 156375 | യൂട്ടിലൈസേഷൻ ലഭിച്ചില്ല | - |
| കെ.ഡബ്ല്യൂ.എ | നാറാണം ക്ഷേത്രനട പൈപ്പ് ലൈൻ നീട്ടൽ | - | 257600 | 257600 | യൂട്ടിലൈസേഷൻ ലഭിച്ചില്ല | - |
| കെ.ഡബ്ല്യൂ.എ | കള്ളോട് പൈപ്പ് ലൈൻ നീട്ടൽ | - | 150000 | 150000 | യൂട്ടിലൈസേഷൻ ലഭിച്ചില്ല | - |
| കെ.ഡബ്ല്യൂ.എ | രാജഗിരി നഗർ പൈപ്പ് ലൈൻ നീട്ടൽ | - | 200000 | 200000 | യൂട്ടിലൈസേഷൻ ലഭിച്ചില്ല | - |
| കെ.ഡബ്ല്യൂ.എ | പേങ്ങാട് പൈപ്പ് ലൈൻ നീട്ടൽ | - | 150000 | 150000 | യൂട്ടിലൈസേഷൻ ലഭിച്ചില്ല | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ഇ.എം. എസ്.ഭവന പദ്ധതി | സ.ഉ (സാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 13377000 | 4013100 | - | - | 4013100 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47636652 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42011134 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1185000/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 1185000/- | ശ്രീ.സുമേഷ്, സുമേഷ് ഭവൻ,<br>അരുവിയോട്, പനയ്ക്കോട്.പി.ഒ |

*(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

ഇല്ല

*(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>*

ഇല്ല

*(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുമേഷ്,<br>വി.ഇ.ഒ. | വി.ഇ.ഒ.,<br>കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് | ശ്രീ.സുമേഷ്, സുമേഷ് ഭവൻ,<br>അരുവിയോട്, പനയ്ക്കോട്.പി.ഒ. |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(ഡി)/737/98 തീ. 14.02.2000 | - |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(ഡി)/440/2001 തീ. 09.08.2002 | - |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(ഡി)/5/01 തീ. 16.03.2003 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)108705 തീ. 25.06.2014 | 2 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1900/2008 | 5 |

| | | |
|---|---|---|
| | തീ. 25.06.2014 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1901/2008 തീ. 25.06.2014 | 3 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1961/2008 തീ. 25.10.2010 | 16 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/993/2015 തീ. 30.06.2015 | 16 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/699/2010 തീ. 21.06.2015 | 8 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1617/12 തീ. 21.11.2012 | 12 |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/618/2012 തീ. 21.11.2012 | 10 |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/179/04തീ. 21.03.2014 | - |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1849/14തീ. 12.12.2014 | 18 |
| 2013-14 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8 /1885/2015 തീ. 11.11.15 | 15 |
| 2014-15 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.5 /817/2016 തീ. 02.06.16 | 9 |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.5 /2139/2016 തീ. 15.12.16 | - |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അപാകതകൾ

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുമായി സംയോജിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതും പൂർണ്ണമല്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.